DESPATCHED On 24/5/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 187(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 3111/SIC-G4/2022)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മേയ് 19**

ശ്രീ. എ.ആർ. ഭുവനചന്ദ്രൻ,
ആയിരം നാഴിയിൽ ഹൗസ്,
കുപ്പാടി പി.ഒ., വേങ്ങൂർ,
സുൽത്താൻ ബത്തേരി. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സൂപ്രണ്ട്,
സുൽത്താൻ ബത്തേരി നഗരസഭാ കാര്യാലയം,
പി.ഒ. സുൽത്താൻ ബത്തേരി,
വയനാട് – 673 592.
2) അപ്പീൽ അധികാരി & സെക്രട്ടറി,
സുൽത്താൻ ബത്തേരി നഗരസഭാ കാര്യാലയം,
പി.ഒ. സുൽത്താൻ ബത്തേരി,
വയനാട് – 673 592. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 22/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/10/2021, 05/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 27/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 17/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/03/2022 |
| ഹിയറിംഗ് നടന്ന തീയതി | 18/05/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. എ.ആർ. ഭുവനചന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 22.9.2021–ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നരമാസമായിട്ടും മറുപടി നൽകാതെ 5.11.2021–ന് നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെടാത്ത ഒരു മറുപടിയാണ് നൽകിയതെന്നും തുടർന്ന് 27.11.2021–ന് അപ്പീൽ നൽകിയിട്ടും നാളിതുവരെ മറുപടിയോ രേഖകളോ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ വിവരാവകാശ നിയമത്തെയും അപേക്ഷകനെയും

ബോധപൂർവ്വം നിന്ദിക്കുന്ന എതിർകക്ഷികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 22.9.2021–ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 2018 വർഷം മുതൽ 2021 സെപ്റ്റംബർ മാസം വരെ മേൽ ഓഫീസിൻകീഴിൽ വിവിധ വകുപ്പുകളിലായി താത്ക്കാലിക നിയമനത്തിലൂടെയും കുടുംബശ്രീ മുഖേനയും അല്ലാതെയും നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും (179 ദിവസം ഇനം തിരിച്ച്).

ii. മേൽ പറഞ്ഞ സമയപരിധിയായ 179 ദിവസം പൂർത്തിയാക്കിയതിനുശേഷം തുടർന്നും ജോലി ചെയ്യുന്ന ഉദ്യോഗാർത്ഥികൾ എത്ര എന്നും, പേരുവിവരങ്ങൾ നൽകണമെന്നും

iii. സുൽത്താൻ ബത്തേരി നഗരസഭയുടെ കീഴിൽ വിവിധ സർക്കാർ ഓഫീസുകളിൽ താത്ക്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാർ എത്ര എന്നുള്ള പൂർണ്ണ വിവരങ്ങൾ നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 21.10.2021, 05.11.2021 എന്നീ തീയതികളിൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 27.11.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച ഒന്നാം അപ്പീലിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് 30 ദിവസത്തിൽ കൂടുതൽ സമയമെടുത്തിട്ടും 1, 2 എന്നീ ഇനങ്ങൾക്ക് മറുപടി നൽകാതെ 3–ാമത്തെ ചോദ്യങ്ങൾക്കാണ് മറുപടി ലഭ്യമായിട്ടുള്ളതെന്നും, ചോദിച്ചതിന് അല്ല മറുപടി നൽകിയിരിക്കുന്നതെന്നും ആയതിനാൽ തെറ്റായ മറുപടി നൽകിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാന്റെ അപേക്ഷയിലെ 3 ചോദ്യങ്ങൾക്കും സമയബന്ധിതമായി മറുപടിയും രേഖകളും നൽകണമെന്നുമാണ്.

4. എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ 14.3.2022–ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ഭുവനചന്ദ്രൻ 22.09.2021–ന് നൽകിയ വിവരാവകാശ അപേക്ഷയിൽ നഗരസഭ, വിട്ടുകിട്ടിയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ താത്ക്കാലിക ജീവനക്കാരെ സംബന്ധിച്ചുള്ള 3 വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടി വിവരങ്ങൾക്ക് ടിയാന് സമയബന്ധിതമായി 21.10.2021–ന് മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിൽ തന്നെ ടിയാന്റെ 3–ാമത്തെ ചോദ്യത്തിന് മറുപടി നൽകുന്നതിനായി വിട്ടുകിട്ടിയ സ്ഥാപന മേധാവികൾക്ക് അറിയിപ്പ് നൽകിയിട്ടുള്ള വിവരം അറിയിച്ചിട്ടുള്ളതാണെന്നും എന്നാൽ പരാതിക്കാരന് ടി ഓഫീസിൽ നിന്ന് 21.10.2021–ന് നൽകിയ വിവരാവകാശ മറുപടി സംബന്ധിച്ച് യാതൊന്നും പരാമർശിക്കാതെ നഗരസഭയുടെ വിട്ടുകിട്ടിയ സ്ഥാപനമായ എൻ.എച്ച്.എം. ഹോമിയോ മെഡിക്കൽ ഓഫീസർ നൽകിയ വിവരം ടി ഓഫീസിൽ

നിന്നും ടിയാന് 5.11.2021 തീയതിയിൽ നഗരസഭ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയത് മാത്രമാണ് കമ്മീഷനിൽ ടിയാൻ നൽകിയ പരാതിയിൽ സൂചിപ്പിച്ചിട്ടുള്ളതെന്നും അപ്പീൽ അധികാരിക്ക് 27.11.2021-ന് നൽകിയ അപ്പീൽ അപേക്ഷയിൽ ടി വിവരങ്ങൾ കാണിച്ച് ടിയാന് 12.1.2022 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നും കൂടാതെ മേൽപ്പടി മറുപടികൾ ടിയാന് ഒരിക്കൽ കൂടി അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 22.9.21-ലെ വിവരാവകാശ അപേക്ഷയ്ക്ക് 21.10.2021, 5.11.21 എന്നീ തീയതികളിലും 27.11.2021-ലെ ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് 4.1.2022-ലും എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ 21.10.2021-ന് നൽകിയ മറുപടി ഹർജിക്കാരന് ലഭിച്ചിട്ടില്ല എന്നതിനാലാണ് 5.11.2021-ന് നൽകിയ മറുപടിയിൽ ഹർജിക്കാരന് സംശയം ഉണ്ടാകുവാൻ ഇടയായിട്ടുള്ളത് എന്ന് കാണുന്നു. മാത്രമല്ല 4.1.2022-നുള്ള അപ്പീൽ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 21.10.2021-ന് മറുപടി നൽകിയിട്ടുള്ളതാണെന്ന് പരാമർശിച്ചതല്ലാതെ, ടി മറുപടി ഹർജിക്കാരന് ലഭിച്ചിട്ടില്ലാത്തതിനാലാണ് ഒന്നാം അപ്പീൽ സമർപ്പിക്കാൻ ഇടയായത് എന്ന് ഒന്നാം അപ്പീൽ അധികാരി ഉൾക്കൊള്ളുകയോ, 21.10.2021-ലെ മറുപടിയുടെ പകർപ്പ് ഹർജിക്കാരന് അയച്ചു കൊടുക്കുകയോ ചെയ്യാതിരുന്നതിനാലാണ് ഹർജിക്കാരന് കമ്മീഷനെ സമീപിക്കേണ്ടതായും വന്നിട്ടുള്ളത് എന്നും കമ്മീഷന് ബോധ്യമാകുന്നു. എതിർകക്ഷികൾ 14.3.2022-ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടുകളിലും, മേൽ മറുപടികൾ ഒന്നു കൂടി അയച്ചു കൊടുത്തിട്ടുണ്ട് എന്ന് പറഞ്ഞതല്ലാതെ 21.10.2021-ലെ മറുപടി ഹർജിക്കാരന് അയച്ചു കൊടുത്തതായി കാണുന്നില്ല. ആയതിനാൽ ഒന്നാം എതിർകക്ഷി ഹർജിക്കാരനുമായി നേരിട്ട് ബന്ധപ്പെട്ട് 21.10.2021-ന് നൽകിയ മറുപടിയുടെ പകർപ്പ് ഹർജിക്കാരന് സൗജന്യമായി ലഭ്യമാക്കണമെന്നും, രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കുമ്പോൾ ആയത് ഗൗരവത്തിലെടുത്ത് നീതി നടപ്പാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തി വേണം ഭാവിയിൽ അപ്പീൽ തീർപ്പാക്കേണ്ടതെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 19-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION